കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.5/1900/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 05.12.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),
കണ്ണൂർ ജില്ലാ പഞ്ചായത്ത്.

സർ,

വിഷയം: കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-1,3-5,3-15 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി.ഡവലപ്പ് മെന്റ് കമ്മീഷണർ

3)കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ./സി.5/1900/2018 തീയതി :05.12.2018

# കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

## ആമുഖം

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് 03.11.2017 മുതൽ 21.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 24 എണ്ണം നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 22-10-2018 മുതൽ 30-10-2018 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശശീന്ദ്രൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ധന്യ.എം.വി | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.പത്മനാഭൻ. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി ആയിഷ ,ജോയിന്റ് ബിഡിഒ, (സെക്രട്ടറിയുടെ അധിക ചുമതല) | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീ.വിഷ്ണു എസ് നായർ | 1-04-2017മുതൽ 9-04-2017വരെ |
| | ശ്രീ.ഉമേഷ്.പി.വി | 10-04-2017 മുതൽ 7-05-2017 വരെ |
| | ശ്രീമതി ശ്രീകല എസ് | 8-05-2017 മുതൽ 3-07-2017 വരെ |

| | | |
|---|---|---|
| | ശ്രീ.വിഷ്ണു എസ് നായർ | 4-07-2017 മുതൽ 9-10-2017 വരെ |
| | ശ്രീ.ഉമേഷ്.പി.വി | 10-10-2017 മുതൽ2-11-2017 വരെ |
| | ശ്രീമതി മിനി പി ജോൺ | 3-11-2017 മുതൽ 5-11-2017 വരെ |
| | ശ്രീ.ഉമേഷ്.പി.വി | 6-11-2017 മുതൽ4-01-2018 വരെ |
| | ശ്രീമതി മിനി പി ജോൺ | 5-01-2018 മുതൽ31-03-2018 വരെ |
| അസി. . എഞ്ചിനിയർ | ശ്രീമതി ബീന.എ | 1-04-2017 മുതൽ 31-03-2018 വരെ |
| അസി.എക്സിക്യൂട്ടീവ്എഞ്ചിനിയർ | ശ്രീ.ബാലകൃഷ്ണൻ കെ.എം | 1-04-2017 മുതൽ 31-03-2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി സ്മിത മാരാർ | 1-04-2017 മുതൽ31-05-2017 വരെ |
| | ശ്രീ.നിഷാദ്.വികെ | 1-06-2017 മുതൽ18-06-2017 വരെ |
| | ശ്രീമതി പ്രിയ പി.ബി | 19-06-2017 മുതൽ 14-07-2017 വരെ |
| | ശ്രീ.ടിങ്കിൾ മാത്യു | 15-07-17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)അഴീക്കോട് | ഡോ.സന്തോഷ്.ബി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)പാപ്പിനിശ്ശേരി | ഡോ.ഷാഹിനാ ബായ് | 1-04-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| സൂപ്രണ്ട്(വൃദ്ധ സദനം) | ശ്രീ.പവിത്രൻ തൈക്കണ്ടി | 01-04-2017 മുതൽ14-11-2017 വരെ |
| | ശ്രീ.നാരായണൻ പി.വി | 14-11-2017മുതൽ 31-03-2018 വരെ |
| സി.ഡി.പി.ഒ | ശ്രീമതി ബിന്ദു എൻ.പി | 01-04-2017 മുതൽ31-03-2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി വിമല സി | 01-04-2017 മുതൽ31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | കാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| | ഭാഗം 2 | |

| | | |
|---|---|---|
| | വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങ ൾ | |
| 10 | അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ് മുറികളുടെ വാടക – പിരിച്ചെടുക്കാനുള്ള കുടിശ്ശിക 33780 രൂപ | 2-1 |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | ചെലവ് വൗച്ചറുകൾ പ്രിസിഡന്റ് അധികൃതമാക്കിയിട്ടില്ല. | 3-1 |
| 12 | വാഹന പരിപാലനം-സർക്കാർ നിർദ്ദേശം പാലിച്ചോ എന്ന് വ്യക്തമല്ല ചെലവ് ₹ 13293 തടസ്സത്തിൽ വെക്കുന്നു. | 3-2 |
| 13 | തുക മുൻകൂർ നൽകിയിട്ടും കംപ്യൂട്ടർ ലഭ്യമാക്കിയില്ല ചെലവ് ₹ 77066 തടസ്സത്തിൽ വെക്കുന്നു | 3-3 |
| 14 | ദിവസവേതനത്തിന്റെ പരിധി പരിഗണിക്കാതെ വേതനം നൽകിചെലവ് ₹ 18305 തടസ്സത്തിൽ വെക്കുന്നു | 3-4 |
| 15 | അനുയോജ്യതാ സാക്ഷ്യപത്രമില്ലാതെ ഡാറ്റാബാങ്കിലുൾപ്പെട്ട സ്ഥലം വാങ്ങി-ചെലവ് തുക ₹ 56,26,570 തടസ്സത്തിൽവെക്കുന്നു | 3-5 |
| 16 | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് -ചെലവ് രേഖകൾ ഹാജരാക്കിയില്ല ₹ 70,525 തടസ്സത്തിൽ വെക്കുന്നു. | 3-6 |
| 17 | പരസ്യ ചാർജ്ജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല | 3-7 |
| 18 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ- നടപടിക്രമങ്ങൾ പാലിച്ചില്ല ചെലവ് ₹ 1,29,991 തടസ്സത്തിൽ വെക്കുന്നു. | 3-8 |
| 19 | അംഗീകൃത വായനശാലകൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ- വിതരണരേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല ₹ 40,000തടസ്സത്തിൽവെക്കുന്നു | 3-9 |

| | | |
|---|---|---|
| 20 | കേരളോത്സവം ചെലവ് രേഖകൾ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ് | 3-10 |
| 21 | അംഗീകൃത പാടശേഖരസമിതികൾക്കും സംഘങ്ങൾക്കും യന്ത്രോപകരണങ്ങൾ നൽകൽ - പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകങ്ങൾ-2,70,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-11 |
| 22 | ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ് | 3-12 |
| 23 | പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി | 3-13 |
| 24 | ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള ₹ 3,35,821 തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-14 |
| 25 | ആസൂത്രണത്തിലെ പാളിച്ച -ലക്ഷങ്ങൾ മുടക്കിയ പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയില്ല | 3-15 |
| 26 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ- കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ് | 3-16 |
| 27 | അഴീക്കോട് സി. എച്ച്. സിയിൽ ആവശ്യമായ മരുന്നു വാങ്ങൽ- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 3-17 |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ട് | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - |
| 39 | അനുബന്ധം 2<br>റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ്<br>ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ്<br>ബാലൻസ് ഷീറ്റ് | - |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2017 തീയതിയിലെ 94//17 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വരവ് (മുന്നിരിപ്പ് ഉൾപ്പെടെ ) | 92796800 |
| ആകെ | 92796800 |
| ചെലവ് | 91864200 |
| നീക്കിയിരിപ്പ് | 932600 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 11.07.2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.07.2018 & 12.07.2018 | KSA/KNR /C5/1411/18 തീ.31.07.2108 |

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ബി-4 ൽ വിവിധ പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുകകളുടെ നീക്കിയിരുപ്പുകൾ ( ടി.എസ്സ്.സി, സാക്ഷരത എന്നിവ ഒഴികെ) രജിസ്റ്ററിൽ ഉള്ള നീക്കിയിരിപ്പ മായി പൊരുത്തപ്പെടുന്നില്ല.
2.ബി-4 ലെ നീക്കിയിരിപ്പ തുകകൾ ബി-17, ആർ.പി - 40 (ബി) എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. തുക അടച്ച ആൾക്ക് തന്നെ തിരിച്ചു കൊടുക്കേണ്ട ഡപ്പോസിറ്റുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-7 ഷെഡ്യൂളിൽ നൽകിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.ആസ്തി രജിസ്റ്ററിൽ മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അസറ്റ് മാനേജ്മെന്റിന് വേണ്ടി ഉപയോഗിക്കുന്നത് സചിത്ര സോഫ്റ്റ് വെയരാണ്. പ്രസ്തുത സോഫ്റ്റ് വെയർ സാംഖ്യ സോഫ്റ്റ് വെയറുമായി ബന്ധപ്പെടുത്തിയിട്ടില്ല.ആയതിനാൽ സചിത്ര പ്രകാരം ആസ്തിയിൽ ചേർക്കുന്ന മൂല്യവും ഡിപ്രീസിയേഷൻ ചാർജ്ജസും അസറ്റ് രജിസ്റ്ററിൽ പ്രതിഫലിക്കുന്നില്ല.

5. ബി-11 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിരം ആസ്ഥികളുടെ തേയ്മാന മൂല്യം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലത്തതിനാൽ തേയ്മാനം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (Ratios) , അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
7.ബാലൻസ് ഷീറ്റിൽ B-3 യിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനായി ചേർത്തിരിക്കുന്നത് 1,49,34,142രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ വേണ്ട തുക 2,76,18,752 ആണ് . വിശദാംശം ചുവടെ കൊടുക്കുന്നു.

2016-17 AFS ലെ B3 പ്രകാരം തുക ---- 13134642

2017-18 AFS ലെ RP40 പ്രകാരം തുക-- 4042114

2017-18 AFS ലെ RP38 പ്രകാരം തുക-- 10441996

2017-18 AFS ലെ B3 പ്രകാരം വേണ്ട തുക --- 27618752

8.രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ താഴെ പറയുന്ന ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

| Code No. | Schedule No. | ഇനം | രജിസ്റ്റർ | തുക |
|---|---|---|---|---|
| 350120101 | B-9 | അക്രൂഡ് ഇന്ററസ്റ്റ് & ഡ്യൂ- ലോൺ | ലോൺ രജിസ്റ്റർ | 1606 |
| 350300106 | B-9 | ഗവൺമെന്റ് & അതർ ഡ്യൂസ് പെയബിൾ | ഡ്യൂസ് രജിസ്റ്റർ | 5395 |
| 350300109 | B-9 | ഗവൺമെന്റ് & അതർ ഡ്യൂസ് പെയബിൾ- റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ് ഓഫ് പ്രയർ പിരിയഡ്. | ഡ്യൂസ് രജിസ്റ്റർ | 81050 |
| 350400199 | B-9 | റീഫണ്ട്സ് പെയബിൾ- അതർ ടാക്സസ് | ഡ്യൂസ് രജിസ്റ്റർ | 150 |

ബാലൻസ് ഷീറ്റിലെ B-11(a) പട്ടിക പ്രകാരം കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ 2671648 രൂപയുണ്ട്. ആയതിന്റെ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14691039 |
| വരവ് | 48608373 |
| ആകെ | 63299412 |
| ചെലവ് | 57035668 |
| നീക്കിയിരിപ്പ് | 6263744 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27609039 | 27609039 | 27609039 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9484000 | 9484000 | 9484000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 51000 | 51000 | 0 | 51000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3525000 | 3525000 | 3466863 | 58137 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.എ.വൈ ,ജനറൽ | 2064 | 351781 | 353845 | 2064 | 351781 |
| ഐ.എ.വൈ ,എസ്.സി.പി | 0 | 1775000 | 1775000 | 1080293 | 694707 |
| ടി.എസ്.സി | 501585 | 26492 | 528077 | 6821 | 521256 |
| സാക്ഷരത | 66799 | 2488 | 69287 | 40108 | 29179 |
| ഗ്രാമ | 1828595 | 465000 | 2293595 | 1586345 | 707250 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് വിഹിതം | | | | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3244217 | 112000 | 3356217 | 292962 | 3063255 |

*.ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം 3582000 രൂപ ലഭിച്ചിട്ടുണ്ട്.എന്നാൽ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ മറ്റുതുകകളും നിക്ഷപിക്കുന്നതിനാൽ ഇതിന്റെ മാത്രം വിനിയോഗ വിവരം ലഭ്യമല്ല. പ്രസ്തുത ഫണ്ടിന്റെ മാത്രം വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ,അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട് പ്രകാരമുള്ള ഫണ്ടുകളുടെ കണക്കുകളാണ് മേൽ കാണിച്ചത്.മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും,ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗം കാണിക്കുന്ന അക്കൗണ്ടുമായി പൊരുത്തപ്പെടുത്തിയിട്ടുള്ള കൃത്യമായ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.അതുകൊണ്ടുതന്നെ തുകകളുടെ ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 15 | 10551637 | 8887274 | 84 |
| സി.ഡി,പി.ഒ | 6 | 6 | 3671318 | 3671318 | 100 |
| സി.എച്ച്.സി. | 12 | 12 | 2155136 | 2073313 | 96 |
| അസി.എഞ്ചിനിയർ | 30 | 22 | 16162180 | 11110058 | 68.74 |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 4 | 4 | 1968740 | 1919495 | 97.49 |
| പട്ടികജാതി വികസന ഓഫീസർ | 7 | 6 | 4776207 | 3901962 | 81.7 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 600000 | 600000 | 100 |
| അസി.എക്സി.എഞ്ചിനിയർ | 24 | 20 | 17136754 | 12370524 | 72.19 |
| സൂപ്രണ്ട് (വൃദ്ധമന്ദിരം) | 1 | 1 | 240000 | 240000 | 100 |
| ആകെ | 102 | 87 | 57261972 | 44773944 | 78.19 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| ജനറൽ | 31847968 | 27609039 | 86.7 |
| എസ്.സി.പി | 13101935 | 9484000 | 72.39 |
| ടി.എസ്.പി | 51000 | 0 | 0 |
| കേന്ദ്രാവിഷ്കൃതം | 360000 | 0 | 0 |
| തനത് ഫണ്ട് | 3701085 | 1888042 | 51 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 60000 | 0 | - |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1084000 | 100000 | 92.25 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 4660739 | 3466863 | 74.38 |
| മറ്റുള്ളവ | 2395245 | 1326000 | 55.36 |
| ആകെ | 57261972 | 44773944 | 78.19 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | |
| 102 | 57261972 | 87 | 44773944 | 19 | 14 | 68 |

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഫലപ്രദമായി നടന്നില്ലെന്ന് മിനിട്സ് പരിശോധിച്ചപ്പോൾ ബോധ്യമായി. യോഗ തീരുമാനങ്ങൾ കൃത്യമായി എഴുതി ചേർക്കുന്നില്ല. എന്തൊക്കെ വിഷങ്ങളിൽ സമിതിയുടെ ഇടപെടലുകൾ ഉണ്ടായെന്ന് വ്യക്തമല്ല.സമിതി അംഗങ്ങളുടെ പട്ടിക ഫോറം 1 ൽ തയ്യാറാക്കി നടപടി ക്രമം ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടുമില്ല. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. ആയതിനാൽ സമിതിയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ ആവേണ്ടതായുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

പഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗങ്ങളുടെ പട്ടിക നിശ്ചിത മാതൃകയിൽ (അനുബന്ധം-2) തയ്യാറാക്കി ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടരീതിയിൽ നടന്നിട്ടില്ലെന്ന് എന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു.ചേർന്നയോഗങ്ങളിൽ കാര്യമായ ചർച്ചകളോ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഒന്നും ഉണ്ടായതായികാണുന്നില്ല.വെറും പേരും ഒപ്പും മാത്രം രേഖപ്പെടുത്തി മിനിട്സ് ബുക്ക് അപൂർണ്ണമായാണ് സൂക്ഷിച്ചിട്ടുള്ളത്.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ട്. കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല.ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു.ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല.പ്രൊജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിൽ ചേർന്നിട്ടുള്ള മറ്റ് യോഗ മിനിട്സുകളുടെ സൂക്ഷിപ്പിന്റെയും പരിപാലനത്തിന്റെയും സ്ഥിതി വ്യത്യസ്ഥമല്ല.

പദ്ധതിപുരോഗതി വിലയിരുത്തുന്നതിന് വിളിച്ച് ചേർക്കുന്ന നിർവ്വഹണ ഉദ്യാഗസ്ഥരുടെ മീറ്റിംഗ്, ബ്ലോക്ക് ഗ്രാമ സഭ, സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചേർന്ന യോഗം,ഹരിത കേരളം, ലൈഫ് മിഷൻ തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് ചേർന്ന യോഗങ്ങൾ എന്നവയിലൊക്കെ മിനിട്സുകളുടെ സൂക്ഷിപ്പ് കുറ്റമറ്റ രീതിയിലല്ല. വെറും പേരും ഒപ്പും മാത്രം രേഖപ്പെടുത്തി തീരുമാനങ്ങൾ ഒന്നും ചേർക്കാതെ ഒഴിച്ചുവിട്ടിരിക്കുകയാണ്. അതേസമയം പഞ്ചായത്ത് ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മിനിട്സുകൾ നല്ല രീതിയിൽ തന്നെ പരിപാലിച്ചുവരുന്നുണ്ട്. യോഗ മിനിട്സുകളുടെ സൂക്ഷിപ്പിൽ വന്നിട്ടുള്ള പോരായ്മകളും കുറവുകളും പരിഹരിക്കേണ്ടതായുണ്ട് .

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-08-2018 | 2015-16 മുതൽ 2017-18 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല. | 2010-2011 | എല്ലാ ഖണ്ഡികകളും തീർപ്പാക്കിയിട്ടുണ്ട് |

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1.വികസനഫണ്ട് സാധാരണ വിഹിതം ചെലവ് എ.സി.ആർ പ്രകാരവും സുലേഖ റിപ്പോർട്ട് പ്രകാരവും 2,76,09,039/-രൂപയാണ് .എന്നാൽ അക്കൗണ്ട് പ്രകാരം ചെലവ് 2,48,18,367/-രൂപയാണ്. 27,90,672/-രൂപയുടെ ചെലവ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

2.ചിറക്കൽ ചിറയിൽ ഡ്രെയിനേജ് നിർമ്മാണത്തിന് 2017-18 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 10,00,000/-രൂപ അക്കൗണ്ടിൽ ഏത് ഹെഡിൽ വരവ് വച്ചുവെന്ന വിവരം ലഭ്യമല്ല.തുക തൻ വർഷം ലഭിച്ചത് പ്രൊജക്ടുമുഖേന ചെലവഴിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ് മുറികളുടെ വാടക – പിരിച്ചെടുക്കാനുള്ള കുടിശ്ശിക 33780 രൂപ

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഴിക്കോട് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിൽ 4 ബ്ലോക്കുകളിലായി 17 മുറികളാണ് ഉള്ളത്. ഇതിൽ 17 മുറികളും വാടകക്ക് നൽകിയിട്ടുണ്ട്.

1. ബ്ലോക്ക് പഞ്ചായത്തിന്റെ ബൈലോ പ്രകാരം മുറി ലഭിക്കുന്നആൾക്ക് ആദ്യത്തെ മൂന്ന് വർഷത്തിന് ശേഷം വാടക 5% മുതൽ 15% വരെ അധികം നിശ്ചയിച്ച് തുടർ വർഷങ്ങളിൽ കൈവശ അവകാശക്കാരനു തന്നെ മുറികൾ നൽകാം എന്ന് ക്രമ നം 6 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ആദ്യത്തെ മൂന്ന് വർഷം കഴിഞ്ഞ് വാടക വർദ്ധിപ്പിച്ചതിനു ശേഷം തുടർന്നുള്ള വർഷങ്ങളിലും അതേ വാടക തന്നെയാണ് ഈടാക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ വാടക വർദ്ധനവ് വരുത്താത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2017-18 ബാലൻസ് ഷീറ്റിലെ ബി-15 പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ 34,000 രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. 2017-18 വർഷത്തിലെ ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷം 106745 രൂപ പിരിച്ചെടുക്കുവാനുണ്ട്. അതിൽ 72965 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി പിരിച്ചെടുക്കാനുള്ള 33780രൂപയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കൈവശക്കാരന്റെ പേര് | മുറിയുടെ നം. | പ്രതിമാസ വാടക | ഈടാക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 1 | ശാലിനി അനിരുദ്ധൻ പി.സി | 1/III ബ്ലോക്ക് | 1536 | 12288 രൂപ (8/17 മുതൽ 3/18 വരെ) |

| | | | | |
|---|---|---|---|---|
| 2 | ശ്രീശൻ . കെ | 2/iiബ്ലോക്ക് | 2190 | 13140രൂപ (10/17 മുതൽ 3/18 വരെ) |
| 3 | ശ്രീജിത്ത് .എം | 3/iii ബ്ലോക്ക് | 696 | 8352 രൂപ (4/17 മുതൽ 3/18 വരെ) |
| ആകെ | | | | 33,780/- |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.23/27-10-18)ക്ക് മറുപടിയായി ബ്ലോക്ക് പഞ്ചായത്ത് തീരുമാന പ്രകാരം വാടക പുതുക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും വാടകകുടിശ്ശിക വരുത്തിയവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പിരിച്ചെടുക്കുവാൻ ബാക്കിയായ വാടകകുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവ് വൗച്ചറുകൾ പ്രിസിഡന്റ് അധികൃതമാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 156(4)(ഡി),കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ് ) ചട്ടങ്ങൾ 2011 ( ജി.ഒ.എം.എസ് നമ്പർ 83/2011 തസ്വഭവ തീയതി, 28-3-2011 ഖണ്ഡിക 34(1), (2) എന്നിവ പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന എല്ലാ ചെലവ് വൗച്ചറുകളും പ്രസിഡന്റ് അധികൃതമാക്കേണ്ടതാണ് എന്നാൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ തനത് ഫണ്ട് ചെലവു വൗച്ചറുകളൊന്നും പ്രസിഡന്റ് ഒപ്പ് വെച്ച് അംഗീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻിംഗ് കമ്മറ്റിയിൽ ചെലവുകൾ അംഗീകരിച്ചാലും എല്ലാ വൗച്ചറുകളും പ്രസിഡന്റ് കാണേണ്ടതും ആയത് അംഗീകരിക്കാവുന്നവയിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ഭാവിയിൽ ഇക്കാര്യത്തിൽ വീഴ്ച വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 വാഹന പരിപാലനം-സർക്കാർ നിർദ്ദേശം പാലിച്ചോ എന്ന് വ്യക്തമല്ല ചെലവ് ₹ 13293 തടസ്സത്തിൽ വെക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ KL.13Y 2342 വാഹനത്തിന്റെ അറ്റകുറ്റപ്പണി Exim Motors, Kannur എന്ന സ്ഥാപനത്തിൽ നിന്നും നിർവ്വഹിക്കുകയും

ഇതിന്റെ ചെലവിനത്തിൽ വൗച്ചർ നം.19/2017 ചെക്ക് നം. 3037233 തീയതി, 26-5-2017 പ്രകാരം ₹ 13293 രൂപ പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുമുണ്ട്.. സർക്കാർ ഉത്തരവ് ജി.ഒ.എം.എസ് .170/07 തീയതി ,30-6-2017 പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപണിയുടെ പ്രതിക്ഷിത ചെലവ് ₹ 2000 രൂപയുടെ മുകളിലും ₹ 10,000 രൂപ വരെയും ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലെല്ലാതെ സർക്കാർ അംഗീകാരമുള്ള ഒരു വർക്ക് ഷാപ്പ് മുഖേന തദ്ദേശ സ്ഥാപനത്തിൻെ അംഗീകാരത്തിന് വിധേയമായും ₹ 10,000 മുകളിലുള്ളവ മത്സരസ്വഭാവത്തിലുള്ള ക്വട്ടേഷൻ അടിസ്ഥാനത്തിലും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുപുറമെ വാഹനത്തിന്റെ അറ്റകുറ്റപ്പണിയുടെ മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ, എഞ്ചിനിയറോ കണകാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നം.12/17-18 തീയ്യതി 26.10.2018 പ്രകാരം ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവ് ₹ 13293 തടസ്സത്തിൽ വെക്കുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-3 തുക മുൻകൂർ നൽകിയിട്ടും കംപ്യൂട്ടർ ലഭ്യമാക്കിയില്ല ചെലവ് ₹ 77066 തടസ്സത്തിൽ വെക്കുന്നു

പ്രോജക്റ്റ് നം. 136 /17-18

ബ്ലോക്ക് ഓഫീസിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ- ₹ 1,50,000

ചെലവ്- ബിൽ നം. 31/17-18- തീയതി, 28-3-2018- ₹ 1,50,000

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് താഴെ പറയുന്ന സാമഗ്രികൾ വാങ്ങുന്നതിനാണ് പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്.

1. ഡസ്ക്ക്ടോപ്പ് കംപ്യൂട്ടർ- 2

2. വുഡൻ കുഷ്യൻ ചെയർ-4

3. സ്റ്റീൽ വിസിറ്റേഴ്സ്ചെയർ -3

4.വുഡൻ അലമാര -1

5. സ്റ്റീൽ കാബിനറ്റ്- 2

ഇത്രയും സാമഗ്രികൾ ടെണ്ടർ ക്ഷണിച്ച് ഫർണിച്ചർ ഇനങ്ങൾ കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും, കംപ്യൂട്ടർ ഇനങ്ങൾ കെൽട്രോണിൽ നിന്നുമാണ് പർച്ചേസ് ചെയ്തിട്ടുള്ളത്.

ഇതു പ്രകാരം ഫർണിച്ചർ വിതരണം ചെയ്ത ഇനത്തിൽ ₹ 72934 കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനും, കംപ്യൂട്ടർ ഇനങ്ങൾക്ക് ₹ 77066 കെൽട്രോണിനും നൽകിയിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം ലഭ്യമായ സാമഗ്രികളുടെ സ്റ്റോക്ക്

എൻടി വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് ( നം. 5/2017-18) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽപ്രോജക്റ്റിൽ കെൽട്രോൺ വിതരണം ചെയ്യേണ്ടുന്ന രണ്ട് ഡസ്ക്ക് ടോപ്പ് കംപ്യൂട്ടർ ഇതുവരെയായും ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. 28-3-2018 ന് കംപ്യൂട്ടർ ചാർജ്ജിനത്തിൽ ₹ 77,066 പ്രോജക്റ്റിന്റെ ഭാഗമായി കെൽട്രോണിന് നൽകിയിട്ടുണ്ട്. പ്രസ്തുത കംപ്യൂട്ടർ താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്. ആയിനാൽ ഈയിനത്തിലെചെലവ് ₹ 77,066 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. കംപ്യൂട്ടർ ലഭ്യമായി സ്റ്റോക്ക് എൻടി നടത്തി പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് അനന്തരപരാമർശം നടത്തുന്നതാണ്.

## 3-4 ദിവസവേതനത്തിന്റെ പരിധി പരിഗണിക്കാതെ വേതനം നൽകിചെലവ് ₹ 18305 തടസ്സത്തിൽ വെക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ ദിവസവേതനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ജോഷിൽ. കെ.പി എന്നവർക്ക് ദിവസ വേതന കുടിശ്ശികയിനത്തിൽ ചെക്ക് നം.3005860 തീയതി 26-03-2018 പ്രകാരം ₹ 18305 നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മാസം | പ്രവൃത്തിചെയ്ത ദിനങ്ങൾ | ആകെ നൽകിയ വേതനം | 685/-രൂപ നിരക്കിൽ നേരത്തെ കൈപ്പറ്റിയ തുക | ബാലൻസ് തുക |
|---|---|---|---|---|
| 4 /2017 | 29 | 29 x685= 19865 | 18450 | 1415 |
| 5/2017 | 28 | 28 x685 =19180 | 18450 | 730 |
| 6/2017 | 28 | 28 x685 =19180 | 18450 | 730 |
| 7/2017 | 29 | 29 x685 =19865 | 18450 | 1415 |

| | | | | |
|---|---|---|---|---|
| 8/2017 | 31 | 31 x 685 =21235 | 18450 | 2785 |
| 9/2017 | 27 | 27 x685 =18495 | 18450 | 45 |
| 10/2017 | 31 | 31 x685 =21235 | 18450 | 2785 |
| 11/2017 | 30 | 30 x685 =20550 | 18450 | 2100 |
| 12/2017 | 31 | 31 x 685 =21235 | 18450 | 2785 |
| 1/2018 | 31 | 31 x 685 =21235 | 18450 | 2785 |
| 2/2018 | 28 | 28 x685 =19180 | 18450 | 730 |
| | | | | 18305 |

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വിവിധ തരത്തിലുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച്സ.ഉ ( അച്ചടി) നം. 56/2017 /ധന, തിരുവനന്തപുരം, തീയതി, 28-04-2017 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഓഫീസ് അറ്റന്റർ കം ഡ്രൈവർ തസ്തികയിൽ പ്രതിമാസം നൽകാവുന്ന പരമാവധി ശമ്പളം ₹ 18450 രൂപയായിരുന്നു. ഈ ഉത്തരവ് അനുസരിച്ചാണ് മേൽ പ്രസ്താവിച്ച ജീവനക്കാരനും ശമ്പളം നൽകിയിരുന്നത്. എന്നാൽ മേൽ ഉത്തരവ് ഖണ്ഡിക v ൽ "ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് മാസത്തിലെ എല്ലാ ദിവസവും (അവധി ദിവസം ഉൾപ്പടെ) വകുപ്പുതലവന്റെ നിർദ്ദേശാനുസരണം ഔദ്യോഗിക കൃത്യനിർവ്വഹണം വഹിക്കേണ്ടി വരുകയാണെങ്കിൽ, ആ ദിവസങ്ങളിലെ അധിക വേതനത്തിന് വകുപ്പുമേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം അർഹതയുണ്ടായിരിക്കും. ഇക്കാര്യത്തിൽ വകുപ്പ് മേധാവി പൂർണ്ണ ഉത്തരവാദി ആയിരിക്കും" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരന് പരിധി നോക്കാതെ

അവധിദിവസങ്ങളിലും വേതനം കണക്കാക്കി ദിവസവേതനത്തിന് നിശ്ചയിച്ച പരിധിയിലധികം തുക കുടിശ്ശികയായി നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് സ.ഉ (അച്ചടി) നം. 56/2017 /ധന, തിരുവനന്തപുരം, തീയതി, 28-04-2017 ഖണ്ഡിക V ൽ നിർദ്ദേശിച്ചവിധം അവധി ദിവസം ഉൾപ്പെടെ ഔദ്യോഗിക കൃത്യ നിർവ്വഹണം നടത്തിയത് സംബന്ധിച്ച വകുപ്പ് മേധാവിയുടെസാക്ഷ്യപത്രം ഹാജരാക്കാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 24/17-18 തീയതി 29-10-2018) നൽകിയതിന് അധിക വേതനം അനുവദിച്ചത് പ്രസിഡന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് എന്നും, ചെലവിന് സർക്കാർ സാധൂകരണത്തിന് ആവശ്യമായ അപേക്ഷ സമർപ്പിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ ഈയിനത്തിലെ ചെലവ് ₹18305 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. ആവിശ്യമായ രേഖകളും വിശദീകരണങ്ങളും ഹാജരാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് തടസ്സവാദം സംബന്ധിച്ച് ഉചിത തീരുമാനം എടുക്കുന്നതാണ്. സർക്കാർ അംഗീകരിക്കാത്തപക്ഷം തുക തിരിച്ചടക്കേണ്ടതാണ്.

## 3-5 <u>അനുയോജ്യതാ സാക്ഷ്യപത്രമില്ലാതെ ഡാറ്റാബാങ്കിലുൾപ്പെട്ട സ്ഥലം കൃഷിഫാമിന് വേണ്ടി വാങ്ങി-ചെലവ് തുക ₹ 56,26,570 തടസ്സത്തിൽവെക്കുന്നു.</u>

പ്രോജക്ട് നം. 59 /17-18

ബ്ലോക്ക് ഫാമിനുള്ള സ്ഥലമെടുപ്പ്

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ-₹56,26,570

ചെലവ്- 1. ബിൽ നം. 24 /17-18 തീയതി, 26-2-18- ₹ 32,10,000 ( ഭൂമി വില)

2. ബിൽ നം. 26/17-18 തീയതി, 9-3-18- ₹ 3,21,060 ( രജി. ചാർജ്ജസ്)

3. ബിൽ നം. 27/17-18 തീയതി, 17-3-18- ₹ 19,04,950 ( ഭൂമി വില)

4. ബിൽ നം. 30/17-18 തീയതി, 17-3-18- ₹ 1,90,560 ( രജി. ചാർജ്ജസ്)

ആകെ- ₹ 56,26,570

കണ്ണൂർ പട്ടണത്തോട് ചേർന്ന് കിടക്കുന്നതും ജനസാന്ദ്രത കൂടിയതുമായ ബ്ലോക്ക് പഞ്ചായത്തിൽ ആകെ വിസ്തീർണ്ണത്തിന്റെ 5% മാത്രമാണ് കൃഷി ചെയ്തുവരുന്നത് എന്നതിനാൽ നിലവിലുള്ള കർഷകരെനിലനിർത്തിക്കൊണ്ട് മുഴുവൻ തരിശുഭൂമിയും കൃഷി യോഗ്യമാക്കുന്നതിനും പുതിയ കർഷകരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഫാം സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം ബ്ലോക്ക് പരിധിയിലെ കർഷകർക്ക് മികച്ചയിനം വിത്തുകളും, തൈകളും, ജൈവ വളങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്ന എന്നുകൂടി ലക്ഷ്യമിട്ടിട്ടുണ്ട്. പ്രോജക്ടിന്റെ ഒന്നാം ഘട്ടമായി കൃഷി ഭൂമി വിലക്കുവാങ്ങി ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനും, രണ്ടാം ഘട്ടമായി പ്രസ്തുത ഭൂമിയിൽ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് നിലമൊരുക്കൽ, വിത്ത്, തൈകൾ,

ജൈവവളങ്ങൾ എന്നിവ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യൽ എന്നിപ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

2005- ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങളിലെ സെക്ഷൻ-3 (1) പ്രകാരം ഒരു പഞ്ചായത്തിന് അതിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ അല്ലാതെയോ ഏതെങ്കിലും പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ആർജ്ജിക്കാവുന്നതാണ്. ഈ അധികാരമുപയോഗിച്ചാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കൃഷിഫാം രൂപീകരിക്കുക എന്ന പൊതു ആവശ്യത്തിന്മേൽ ഭൂമി വിലക്കുവാങ്ങാനുള്ള പ്രോജക്ട് നടപ്പാക്കിയത്. സ്ഥലമെടുപ്പിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന് അനുയോജ്യമായ കൃഷിഭൂമി വിൽക്കാൻ തയ്യാറുള്ളവരിൽ നിന്നും പത്രപരസ്യംവഴി താൽപര്യ പത്രം ക്ഷണിക്കുകയുണ്ടായി, ( ദേശാഭിമാനി പത്രം 19-9-2017 )പ്രസ്തുത പരസ്യത്തിൽ ചുരുങ്ങിയത് 50 സെന്റ് സ്ഥലം വിൽക്കാൻ തയ്യാറുള്ളവർ അപേക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പരസ്യപ്രകാരം രണ്ടു അപേക്ഷകരാണ് താത്പര്യപത്രം സമർപ്പിച്ചത് ശ്രീ. സി, എച്ച്, മുഹമ്മദ് കുഞ്ഞി ഹാജി എന്നവരും, കണ്ണൂർകാരത്തി നിയാദ്, റിഷാദ് ( Joint ownership) എന്നവരും തങ്ങളുടെ കൈവശത്തിൽ ചിറക്കൽ അംശം, പുഴാതി ദേശത്ത് സർവ്വെ നമ്പർ 38/4 ൽ പ്പെട്ട സ്ഥലം യഥാക്രമം 63 -1/2 സെന്റും, 1.07 ഏക്കർ സ്ഥലവും സെന്റ് ഒന്നിന് ₹ 65000 രൂപ നിരക്കിൽ വിൽക്കുന്നതിനുള്ള സന്നദ്ധത അറിയിക്കുകയുണ്ടായി.

ഭൂമി വിൽക്കാൻ താത്പര്യപത്രം സമർപ്പിച്ച മേൽ അപേക്ഷകരുടെ ഭൂമി പർച്ചേസ് ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 7-12-2017 ലെ 74/ 2017-18 നമ്പർ പ്രകാരം തീരുമാനിക്കുകയുണ്ടായി. പ്രസ്തുതസ്ഥലത്തിന്റെ ന്യായ വില നിശ്ചയിച്ചുകിട്ടുന്നതിന് ബഹു. കണ്ണൂർ ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന് സെന്റൊന്നിന് ₹ 30,362 രൂപ വിലനിശ്ചയിച്ച് കലക്ടർ ഉത്തരവാകുകയുണ്ടായി (റഫ്. സി.1 -DCKNR /15879 /17 dt 14/12/17 ).ന്യയവിലയുടെ മേൽ ഭൂവുടമകളുമായി ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഭൂവുടമകൾ തങ്ങളുടെ കൈവശത്തിലുള്ള സ്ഥലം സൊന്റൊന്നിന് ₹ 30,000രൂപയ്ക്ക് വിൽക്കാൻ തയ്യാറാവുകയും അതിന്റെ അടിസ്ഥാനത്തിൽ 16-2-2018 ന് വളപ്പട്ടണം സബ്രജിസ്റ്റാർ ഓഫീസിലെ ആധാരം നമ്പർ 347/1/18 തീയതി, 16-02-2018 പ്രകാരം ശ്രീ കണ്ണൂർകാരത്തി നിയാദ്, റിഷാദ് എന്നിവരുടെ പേരിലുള്ള 1.07 ഏക്കർ സ്ഥലം രജിസ്റ്റർ ചെയ്തുവാങ്ങുകയും ഇതിന്റെ പ്രതിഫലമായി ബിൽ നം. 24 /17-18 തീയതി, 26-2-18-പ്രകാരം ₹ 32,10,000 രൂപ നൽകുകയുമുണ്ടായി. ഇതേപൊലെ വളപ്പട്ടണം സബ് രജിസ്റ്റാർ ഓഫീസിലെ 542/1/2018 തീയതി, 7-3-2018 പ്രകാരം ശ്രീ. സി. എച്ച്. മുഹമ്മദ് കുഞ്ഞി ഹാജി എന്നവരുടെ പേരിലുള്ള 63 -1/2 സെന്റ് സ്ഥലവും സെൻറ്റൊന്നിന് ₹ 30,000 നിരക്കിൽ വാങ്ങുകയും പ്രതിഫലമായി ബിൽ നം. 27/17-18 തീയതി, 17-3-18- ₹ 19,04,950രൂപ നൽകുകയുമുണ്ടായി.

ഭൂമിപർച്ചേസുമായി ബന്ധപ്പെട്ട ഫയൽ ബി-1359/17 പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ശ്രീ. സി.എച്ച്. മുഹമ്മദ്ദ് കുഞ്ഞി എന്നവരുടെ പേരിലുള്ള ചിറക്കൽ അംശം പുഴാതി ദേശത്തേ സർവ്വെ നം. 38/4 ൽപ്പെട്ട 0.63 ½ സെന്റ് സ്ഥലം തോട്ടം എന്നപേരിലും,, ശ്രീ. കണ്ണുകാരത്തി നിയാദ്, റിഷാദ് എന്നവരുടെ പേരിലുള്ള ചിറക്കൽ അംശം പുഴാതി ദേശത്തെ സർവ്വെ നം.38/4 ൽപ്പെട്ട 1.07 സെന്റ് സ്ഥലം കൈപ്പാട് നിലം എന്ന പേരിലുമാണ് ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടുള്ളത്. DATA BANK OF PADDY AND WET LAND OF KANNUR DISTRICT എന്നപട്ടികയിൽ ചിറക്കൽ വില്ലേജിലെ സർവ്വെ നമ്പർ 38/4 പ്പെട്ട മുഴുവൻ സ്ഥലങ്ങളും ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല ബ്ലോക്ക് പഞ്ചായത്തിന് സ്ഥലം കൈമാറിയ സി.എച്ച്. മുഹമ്മദ് കുഞ്ഞിഹാജി തന്റെ കൈവശത്തിലുള്ള .38/4 ൽപ്പെട്ട സ്ഥലത്തിൽ മണ്ണിടുന്നതിനുള്ള അനുമതിക്കായി 15-5-2013 ൽ ബഹു-കണ്ണൂർ ജില്ലാ കല്ക്ടർക്ക് അപേക്ഷസമർപ്പിച്ചിട്ടുണ്ട്, പ്രസ്തുത അപേക്ഷയിൽ തന്റെ സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്തിന് യാതൊരു പരിവർത്തനവും നടത്തുവാനുള്ള അനുമതിയല്ലാത്തതാണ്.

2005- ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങൾളിലെ സെക്ഷൻ 3(1) ൽ 3 (1) എ പ്രകാരം വാങ്ങുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് ബ്ലോക്ക് പഞ്ചായത്തുകളുടെ സംഗതിയിൽ അസി.ഡവലപ്പ്മെന്റ് കമ്മീഷണറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഭൂമി പർച്ചേസ് നടത്തിയിട്ടുള്ളത്.

വസ്തു ആർജ്ജിക്കലുമായി ബന്ധപ്പെട്ട് ചട്ടം 5(1) (ബി) പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം ജില്ലാ ഗവൺമെന്റ് പ്ലീഡറെ കൊണ്ട് പരിശോധിപ്പിച്ച് ഉടമസ്ഥന് നിർദ്ദിഷ്ട വസ്തുവിന്മേൽ ശരിയായഉടമസ്ഥാ-കയ്യൊഴിക്കൽ അവകാശം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നോട്ടറി അഡ്വകേറ്റിൽ നിന്നുള്ള റിപ്പോർട്ട് അനുസരിച്ചാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത സ്ഥലം നേരിട്ട് പരിശോധിച്ചതിൽ പ്രസ്തുത സ്ഥലം അളന്ന് തിരിച്ച് അടയാളപ്പെടുത്തിയിട്ടില്ലെന്ന് കാണുകയുണ്ടായി. മാത്രവുമല്ല ഭൂമിയുടെ ഇരു ഭാഗവും കൈപ്പാട് തോട് എന്നവിധത്തിലുള്ള ഭൂപ്രകൃതിയിലാണ് കാണപ്പെട്ടത്. ഇതിൽ ഏത് ഭാഗത്ത് എത്ര അളവിലാണ് ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം ഉൾപ്പെടുന്നത് എന്ന് വ്യക്തമല്ല. പ്രഥമദൃഷ്ടിയിൽ ഈ ഭൂമി നിൽക്കുന്ന പരസ്ഥിതി ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടിൽ വിഭാവനം ചെയ്ത കാർഷികബന്ധപ്രവർത്തനങ്ങൾക്ക് ഒട്ടും യോജിച്ചതായി കാണുന്നില്ല. ചുറ്റുപാടുള്ള കൈപ്പാട് വയലുകളിൽ മലിനജലം കെട്ടി നിൽക്കുകയാണ്. ഈ സ്ഥലത്തിൽ സർവ്വെ നടത്തി അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ കെട്ടുന്നതിന് വളരെയെറെ പ്രായോഗിക ബുദ്ധിമുട്ടുകൾ കാണുന്നുണ്ട്. ഭൂമി വിൽക്കാൻ താത്പര്യപത്രം ക്ഷണിച്ചതിൽ ₹ 65000 രൂപ ഭൂമിക്ക് ലഭിക്കണമെന്ന് ആവശ്യപ്പെട്ട ഉടമ ബഹു കലക്ടർ നിശ്ചയിച്ച മൂല്യനിർണ്ണയത്തെക്കാൾ കുറഞ്ഞ നിരക്കിൽ ഭൂമി വിൽക്കാൻ തയ്യാറായതിൽ നിന്നും തന്നെ ഈ ഭൂമിയുടെ സാമ്പത്തിക പ്രാധാന്യം വിലയിരുത്താവുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ ഒരു ഭൂമികൂടി കൂട്ടിചേർക്കപ്പെട്ടു എന്നതിൽ കവിഞ്ഞ് ഈ ഭൂമികൊണ്ട് യഥാർത്ഥ പ്രയോജനം എത്രമാത്രം ലഭിക്കുമെന്നത് കൃഷിഫാം

രൂപികരിക്കുന്നതിന്റെ ഭാഗമായുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ആയതിനാൽ പ്രോജക്ടിൽ വിഭാവനംചെയ്ത വിധത്തിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തി, മികച്ചയിനം വിത്തുകളും തൈകളും, ജൈവവളവും ഉല്പാദിപ്പിച്ച് നിലവിലുള്ള കർഷകരെ നിലനിർത്തികൊണ്ടും, പുതിയ കർഷകരെ കൃഷിയിലേക്ക് ആകർഷിച്ചുകൊണ്ടുമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട പ്രസ്തുത സ്ഥലത്തിൽ ചുറ്റുമതിൽ കെട്ടൽ പോലുള്ള നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായി വരും ആയതിനാൽ ഭൂപരിവർത്തനത്തിനുള്ള പ്രത്യേക അനുമതി ലഭ്യമാക്കാനുള്ള നടപടിസ്വീകരിക്കേണ്ടതാ

പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനത്തോടൊപ്പം ഭൂമി പർച്ചേസുമായി ബന്ധപ്പെട്ടുള്ള നിയമാനുസൃത ബാധ്യത എന്ന നിലയിൽ ഭൂമിയുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരകേന്ദ്രത്തിൽ നിന്നും വാങ്ങേണ്ടതാണ്. അതുപോലെ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച ജില്ലാ ഗവൺമെന്റ്പ്ലീഡറിൽ നിന്നുള്ള സാക്ഷ്യപത്രവും വാങ്ങേണ്ടതാണ്. ഭൂമി സർവ്വെ നടത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതും, പോക്ക് വരവ് നടത്തി സർക്കാർ നികുതി ഒടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ഭൂമി പർച്ചേസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിഴ്ചകളാൽ ഈയിനത്തിൽ ചെലവഴിച്ച ₹ 56,26,570 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് ചൂണ്ടികാട്ടിയ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-6 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് -ചെലവ് രേഖകൾ ഹാജരാക്കിയില്ല ₹ 70,525 തടസ്സത്തിൽ വെക്കുന്നു.

പ്രോജക്ട് നം. എസ്. 0013/17-18

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ- ₹ 2,81,812

ചെലവ്- ബിൽ നം. 07/17-18- തീയതി, 20-09-2017- ₹ 70,525 ( ഫോറങ്ങൾ തയ്യാറാക്കിയ ചെലവ്)

ബിൽ നം. 13/17-18- തീയതി, 28-11-2017- ₹ 44,384 ( പത്ര പരസ്യ ചാർജ്ജ് )

ബിൽ നം. 27/17-18- തീയതി, 09-03-2018- ₹ 1,19,540 ( പത്ര പരസ്യചാർജ്ജ്)

----------

ആകെ- 2,34,449

പദ്ധതി ആസൂത്രണ, നിർവ്വഹണ, മേണിറ്ററിംഗ് ചെലവുകൾക്കാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത ചെലവുകൾ വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ

പരിമിതപ്പെടുത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്.

ഈ പ്രോജക്ടിന്റെ ഭാഗമായി വികസന സെമിനാറിൽ വിതരണം ചെയ്യുന്നതിനുള്ള 200 കൈപുസ്തകങ്ങൾ ₹ 7400 രൂപ ചെലവിലും, സ്റ്റാറ്റസ് റിപ്പോർട്ടുകൾ 50 എണ്ണം തയ്യാറാക്കിയതിന് ₹ 30,000 രൂപയും, വികസന രേഖ 50 തയ്യാറാക്കിയതിന് ₹ 30,500 രൂപയും മഹാത്മാ ഓഫ് സെറ്റ് പ്രസ്സ് കണ്ണൂർ എന്ന എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രിൻറ്റിംഗ് പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം,പ്രിൻറ്റിംഗ് രേഖകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. ആയിനാൽ ഈയിനത്തിലെ ചെലവ് ₹ 70,525 തടസ്സത്തിൽ വെക്കുന്നു.

## 3-7 പരസ്യ ചാർജ്ജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

പ്രോജക്ട് നം. എസ്. 0013/17-18

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ- ₹ 2,81,812

ചെലവ്- ബിൽ നം. 07/17-18- തീയതി, 20-09-2017- ₹ 70,525 ( ഫോറങ്ങൾ തയ്യാറാക്കിയ ചെലവ്)

ബിൽ നം. 13/17-18- തീയതി, 28-11-2017- ₹ 44,384 ( പത്ര പരസ്യ ചാർജ്ജ് )

ബിൽ നം. 27/17-18- തീയതി, 09-03-2018- ₹ 1,19,540 ( പത്ര പരസ്യചാർജ്ജ്)

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പ്രോജക്ടിൽ ആസൂത്രണവും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പത്ര പരസ്യ ചാർജ്ജിനത്തിൽ ആകെ 1,63,924 രൂപ M/S ദേശാഭിമാനി പത്രത്തിന് നൽകിയിട്ടുണ്ട് വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രത്തിന്റെ പേര് | ബിൽ നം. തീയതി | നൽകിയ തുക | നൽകേണ്ട ഡിസ്കൗണ്ട് |
|---|---|---|---|
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-2017031379 dt.6-3-17 | 8960 | 1344 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-2017034888 dt23-3-17 | 5120 | 768 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-2017034898 dt 23-3-17 | 6400 | 960 |

| | | | |
|---|---|---|---|
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-20170348109 dt.10-4-17 | 5760 | 864 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-10934 dt.1-9-17 | 10584 | 1588 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-13355 dt.12-9-17 | 7560 | 1134 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-14860 dt.19-9-17 | 10584 | 1058 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-23637 dt.14-11-17 | 6048 | 907 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-24802 dt.19-11-17 | 7560 | 1134 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-25047 dt. 21-11-17 | 12096 | 1814 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-25049 dt. 21-11-17 | 9072 | 1361 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-26640 dt.1-12-17 | 6048 | 907 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-28127 dt.12-12-17 | 6048 | 907 |
| M/Sദേശാഭിമാനി | KNR-27984 | 18144 | 2722 |

| | | | |
|---|---|---|---|
| ദിനപ്പത്രം, കണ്ണൂർ | dt. 06-12-17 | | |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-27688 dt. 7-12-17 | 13608 | 2041 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-28450 dt. 15-12-17 | 7560 | 1134 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-28497 dt.16-12-17 | 10584 | 1588 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-28489 dt.16-12-17 | 6048 | 2407 |
| M/Sദേശാഭിമാനി ദിനപ്പത്രം, കണ്ണൂർ | KNR-36100 dt. 06-02-18 | 6140 | 921 |
| | ആകെ- | 1,63,924 | 30,775 |

തദ്ദേശസ്വയംഭരണവകുപ്പിന്റെ 8-12-2009 ലെ 15744/RD1/7 നമ്പർ സർകുലർ പ്രകാരം പത്രപരസ്യങ്ങൾ സംക്ഷിപ്തമാക്കേണ്ടതിനെ കുറിച്ചും, നിരക്ക് പബ്ലിക്ക് റിലേഷൻസ് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക് പ്രകാരമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ദർഘാസ് പരസ്യങ്ങളിൽ അടിസ്ഥാന വിവരങ്ങൾ മാത്രം ഉൾകൊള്ളുന്ന വിൻഡോ പരസ്യങ്ങൾ ( 3x2 സെ.മി വലുപ്പം) പ്രസിദ്ധീകരിച്ചാൽ മതിയെന്ന പൊതുഭരണ വകുപ്പിന്റെ ( I &PRD ) 1-1-2004 ലെ 1/04 നമ്പർ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിനുകൂടി ബാധകമായതാണ്. G.O.(R.T.) 1/2011 P&ARD 4-01-2011 പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പലപ്പോഴും വിൻഡോ പരസ്യമെന്ന് രേഖപ്പെടുത്തുകയും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി 3x2 ൽ കൂടുതൽ വലുപ്പത്തിൽ പരസ്യം നൽകുന്ന പ്രവണത കണ്ടുവരുന്നു . പരസ്യംസംബന്ധിച്ച് സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. ഇതിനുപുറമെ എല്ലാ സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളുടെ ചാർജ്ജിനത്തിൽ 15% ഇളവ് അനുവദിക്കാൻ പത്രസ്ഥാപനത്തിന് ബാദ്ധ്യതയുണ്ട്. മേൽ പ്രോജക്ട് പ്രകാരം ₹ 1,63,924 രൂപ പരസ്യ ചാർജ്ജിനത്തിൽ നൽകിയതിൽ നിന്നും നിയമാനുസൃതമായി ₹ 30,775 രൂപയുടെ ഇളവ് ലഭിക്കാനർഹതയുണ്ട്. പ്രസ്തുത തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## **3-8** മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ- നടപടിക്രമങ്ങൾ പാലിച്ചില്ല ചെലവ് **₹ 1,29,991** തടസ്സത്തിൽ വെക്കുന്നു.

പ്രോജക്ട് നം. 51 /17-18

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ

അടങ്കൽ- ₹ 1,29,991

ചെലവ്- ബിൽ നം. 22/17-18- തീയതി, 15-2-2018- ₹ 1,29,991

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിലെ സമുദ്രമേഖലയിലുള്ള പ്രദേശത്ത് വസിക്കുന്ന മത്സ്യതൊളിലാളികളുടെ മക്കൾക്ക് ഫർണിച്ചർലഭ്യമാക്കുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.

അഴിക്കോട്. ചിറക്കൽ, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത 26 കുട്ടികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള സബ്സീഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ( സ.ഉ. (എം.എസ്) നമ്പർ. 80 /2017 / ത.സ്വ.ഭ.വ, തീയതി, 03-04-2017) ഖണ്ഡിക 8-4 (എ) -7 പ്രകാരം ഈ പ്രോജക്ട് നടപ്പാക്കാവുന്നതും, ഒരു ഗുണഭോക്താവിന് ₹ 5000രൂപയിൽ കുറയാത്ത നിരക്കിൽ ആനുകൂല്യംനൽകാവുന്നതുമാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള കുട്ടികളുടെ ലിസ്റ്റ് സ്കൂൾ അധികൃതർ മുഖേന വാങ്ങണമെന്നും, ഫർണിച്ചർ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പ്രോജക്ടിൽ 26 സ്റ്റീൽ ചെയറും, 26 സ്റ്റീൽ മേശയുമാണ് വാങ്ങിയിട്ടുള്ളത്. കേരള അർട്ടിസൻസ് ഡലവപ്പ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് ഫർണിച്ചർ വാങ്ങിയത്.

പ്രസ്തുത പ്രോജക്ട് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ഈ പ്രോജക്ടിൽ ഗുണഭോക്താക്കളായി തെരഞ്ഞടുത്തവരുടെ ഗുണഭോക്തൃപട്ടികയ്ക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരം ലഭിച്ചതിന്റെ വിവരവും, ഗുണഭോക്താക്കളായി തെരഞ്ഞടുത്തവരുടെ കുട്ടികളെസംബന്ധിച്ച സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രവും, ഫർണിച്ചർ വാങ്ങിയത് സംബന്ധിച്ച പർച്ചേസ് കമ്മറ്റിയുടെ തീരുമാനവും, കുട്ടികൾ ഫർണിച്ചർ കൈപ്പറ്റിയതിന്റെ കൃത്യമായ കൈപ്പറ്റ് രേഖകളും, ഫർണിച്ചർ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്തതിന്റെ വിവരങ്ങളും കൃത്യമായി പരിശോധനയ്ക്ക ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹജാരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 7/17-18 തീയ്യതി 25.10.2018-ന് ലഭ്യമാക്കിയ മറുപടിയിൽ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയിനാൽ ഈയിനത്തിലെ ചെലവ് ₹ 1,29,991 തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് പരാമർശിച്ച മുഴുവൻ രേഖകളും കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## **3-9** അംഗീകൃത വായനശാലകൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ– വിതരണരേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല ₹ **40,000**തടസ്സത്തിൽവെക്കുന്നു.

പ്രോജക്റ്റ് നം. 118 /17-18

അംഗീകൃത വായനശാലകൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ

അടങ്കൽ- ₹ 2,70,014

ചെലവ്- ബിൽ നം. 18/17-18- തീയതി, 25-1-2018- ₹ 2,70,014

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള അഴിക്കോട്, ചിറക്കൽ, പാപ്പിനിശ്ശേരി, വളപ്പട്ടണം ഗ്രാമപഞ്ചായത്തുകളിൽ, ഗ്രന്ഥശാല സംഘത്തിൽ അഫിലിയേഷനുള്ള വായനശാലകൾക്ക് ബുക്ക് ഷെൽഫ് വാങ്ങി വിതരണം ചെയ്യുക എന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്(1) ഉപവകുപ്പ് നാലാം പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ചുമതലകളിലോ മറ്റു മേഖലാ ചുമതലകളിലോ ഗ്രന്ഥശാലകളുടെ നടത്തിപ്പ് ഉൾപ്പെടുന്നില്ല. എന്നാൽ സ.ഉ (സാധാ) നം.2148/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 19-08-2014 പ്രകാരം, 08-08-2014 ലെ വികേന്ദ്രികൃതാസൂത്രണ കോർഡിനേഷൻ കമ്മറ്റിയുടെ 3-33 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്ഥശാല സംഘത്തിനുകീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങിനൽകുന്ന പ്രസ്തുത പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.

പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ നടപടികളിലൂടെ കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. സപ്ലൈ ഓർഡർ പ്രകാരം 27 ഷെൽഫുകളാണ് വാങ്ങിയിട്ടുള്ളതായി രേഖപ്പെടുത്തിയതും തുക നൽകിയതും, 23 വായന ശാലകൾക്ക് ഒന്ന് വീതം ഷെൽഫ് വിതരണം ചെയ്തതായും ആയത് കൈപ്പറ്റിയതായുള്ള റസീതും പ്രസ്തുത പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആകെ വാങ്ങിയ 27 ൽ. 4 എണ്ണം ഇനിയും വിതരണം നടത്തിയിട്ടില്ല. ഇതിൽനിന്നും ഒരു ആവശ്യത്തിൽ നിന്നുയർന്നുവന്നതല്ല മറിച്ച് ഫണ്ട് ചെലവഴിക്കാനുള്ള എളുപ്പ മാർഗമായാണ് പദ്ധതി തയ്യാറാക്കിയത് എന്ന് അനുമാനിക്കാവുന്നതാണ്. അല്ലാത്തപക്ഷം ആവശ്യമുന്നയിച്ചവർ ഉടൻതന്നെ വാങ്ങിയ സാധനങ്ങൾ കൈപ്പറ്റാൻ താൽപ്പര്യപ്പെടുകുമായിരുന്നു. ഷെൽഫുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് ( 9 /17-18) നൽകിയതിന് " ഹാജരാക്കാൻ സാധിക്കാതിരുന്ന 4 കൈപ്പറ്റ് രശീതികൾ ഉടനെ ഹാജരാക്കുന്നതാണ് എന്നമറുപടിയാണ് ലഭ്യമാക്കിയത്. ആയിനാൽ ഈ പ്രോജക്ടിലെ ഹാജരാക്കാത്ത നാല് ഷെൽഫുകളുടെ വിലയായ ₹ 40,000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്.

## 3-10 കേരളോത്സവം ചെലവ് രേഖകൾ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ അലംഭാവം

പ്രോജക്ട് നം. എസ്. 0003/18/17-18

കേരളോത്സവം ജനറൽ

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ- ₹ 1,10,000 (വികസന ഫണ്ട്)

ചെലവ്- ബിൽ നം. 16/17-18- തീയതി, 19-11-2017- ₹ 1,10,000

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അഴീക്കോട്, ചിറക്കൽ, പാപ്പിനിശ്ശേരി, വളപ്പട്ടണം ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമതല കേരളോത്സവത്തിലെ മത്സരവിജയികൾക്ക് ബ്ലോക്ക് തലമത്സരം സംഘടിപ്പിക്കുന്നതിനുള്ള ചെലവിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ബ്ലോക്ക് ഷെയർ ₹ 1,10,000 വും യുവജനക്ഷേമബോർഡ് വിഹിതമായി ₹ 35000 വുമാണ് ഈ പ്രോജക്ടിന്റെ ആകെ ഫണ്ട്. കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് യുവജനക്ഷേമ ബോർഡ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ ചിട്ടയോടെ നടപ്പാക്കിവേണം പ്രോജക്ട് നടപ്പാക്കാൻ . കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് എതൊക്ക മത്സരങ്ങളാണ് നടത്തുന്നത്, എത്ര മത്സരാത്ഥികൾ പങ്കെടുക്കുന്നു, മത്സരവിധികർത്താക്കളുടെ പാനൽ തയ്യാറാക്കിയതിന്റെ വിവരം, പ്രതിഫലമിനത്തിൽ നൽകുന്ന തുകയുടെ വിവരം, ഈ തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം, തുടങ്ങിയ കാര്യങ്ങൾ പ്രവർത്തന റിപ്പോർട്ടായി പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തണം. കേരളോത്സവ നടത്തിപ്പിന്നായി കൈപ്പറ്റിയ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ, ചെലവു വൗച്ചറുകൾ എന്നിവ വൗച്ചർ നമ്പർ ക്രമത്തിൽ തയ്യാറാക്കണം. ഓരോ വൗച്ചറിലും രേഖപ്പെടുത്തിയ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് അധികൃതമാക്കണം. കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളിൽ ക്വട്ടേഷൻ ക്ഷണിച്ച് നിർവ്വഹിക്കേണ്ടുന്ന പ്രവർത്തനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും പ്രസ്തുത രേഖകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്തുവകയും വേണം. ഓഡിറ്റ് കാലയളവിൽ കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ രേഖകളെല്ലാം ചിട്ടയോടെ തയ്യാറാക്കി സൂക്ഷിച്ചതായി കണ്ടില്ല. വിധികർത്താക്കളുടെ പാനൽ സംബന്ധിച്ച വിവരവും അവർക്ക് പ്രതിഫലം നൽകുന്നതിനുള്ള മാനദണ്ഡവും എന്താണെന്ന് വ്യക്തമല്ല. ആയതിനാൽ 2017-18 ൽ കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് പരിശോധനയക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-11 അംഗീകൃത പാടശേഖരസമിതികൾക്കും സംഘങ്ങൾക്കും യന്ത്രോപകരണങ്ങൾ നൽകൽ - പ്രൊജക്ട് നടപ്പിലാക്കിയതിൽ അപാകങ്ങൾ–2,70,000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

പ്രൊജക്ട് നം - 134/18 (അംഗീകൃത പാടശേഖരസമിതികൾക്കും സംഘങ്ങൾക്കും യന്ത്രോപകരണങ്ങൾ)

അടങ്കൽ - 661740/- വികസനഫണ്ട് - 612495/-

ഗുണഭോക്തൃവിഹിതം - 49245/-

ബിൽ നം . 5/24.03.2018 തുക – 342495/-

4/20.01.2018 തുക - 270000/-

അംഗീകൃത പാടശേഖര സമിതികൾക്കും സംഘങ്ങൾക്കും 90% സബ്സിഡി നിരക്കിൽ കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഒരു സമിതിക്ക് ടില്ലർ, മെതിയെന്ത്രം, കാട്ടുവെട്ടിയന്ത്രം, പവർ സ്പ്രേയർ, കള പറിക്കൽ യന്ത്രം എന്നിവ വാങ്ങാൻ 270000/-രൂപയും, 15ജെ.എൽ.ജി കൾക്ക് ഓരോ കാട് വെട്ട് യന്ത്രവും വാങ്ങുന്നതിന് 342495/-രൂപയും ചേർന്ന് ആകെ 612495/-വികസന ഫണ്ടും 49245/-രൂപ ഗുണഭോക്തൃവിഹിതവും കണക്കാക്കിയാണ് 661740/-രൂപയടെ പ്രൊജക്ട് അടങ്കൽ തയ്യാറാക്കിയത്. ഇതിന്റെ നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള അപാകങ്ങൾ താഴെപറയുന്നു.

ജി.ഒ(എം.എസ്)80/17തീ.03.04.17പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.1(7)അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടെ കാർഷിക യന്ത്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാം.കാർഷിക യന്ത്രങ്ങൾ വാങ്ങി സമിതികൾക്ക്/സംഘങ്ങൾക്ക് നൽകുന്നതിന് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി ഏറ്റെടുക്കാവുന്നതും എന്നാൽ പ്രൊജക്ടിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്തുകൾക്കായിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ട് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കുകയാണ് ചെയ്തത്. ഈ പ്രൊജക്ട് നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിച്ചിട്ടുമില്ല. ഇത് നഗ്നമായ മാർഗ്ഗരേഖ ലംഘനമാണ്.

റെയ്ഡ്കോവിന്റെ 31.10.17ലെ ബിൽ നം 822 പ്രകാരം 315240/-രൂപയുടെ സാധനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.പവർ ടില്ലർ,മെതിയെന്ത്രം,കാട്ടുവെട്ടിയന്ത്രം,പവർ സ്പ്രേയർ, കള പറിക്കൽ യന്ത്രം എന്നിവ ഓരോന്നു വീതം ആകെ 6 എണ്ണം ഉണ്ട്. ഇതിന്റെ വിലയായി 270000/-യുടെ ബില്ല് മാറി പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ കാർഷിക കർമ്മസേനയുടെ 40530101018158നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും അവ കൃത്യമായി പരിപാലിക്കുന്നത് സംബന്ധിച്ച് സ.ഉ (എം.എസ്.80/17 തീയ്യതി.03.04.2017 പതിമൂന്നാം പദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1ൽ പറഞ്ഞപ്രകാരം സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ,മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച വിവരങ്ങൾ/രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. സാധനങ്ങളുടെ സ്റ്റോക്ക് വിവരം ഹാജരാക്കിയിട്ടില്ല. റെയ്ഡ്കോവിന്റെ 315240/- രൂപയുടെ ബില്ലിൽ 270000/- രൂപ കഴിച്ച് നൽകാൻ

ബാക്കിയായ 45240/-രൂപ ആരാണ് നൽകിയതെന്നോ എപ്പോൾ നൽകിയെന്നോ വ്യക്തമല്ല. 270000/- രൂപ ലഭിച്ചതായ റെയ്ഡ്കോവിന്റെ കൈപ്പറ്റ് ഹാജരാക്കിയിട്ടുമില്ല. ഇതെല്ലാം നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചകളാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് 25.10.2018 തീയ്യതിയിൽ നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 4) നൽകിയ മറുപടി അപാകങ്ങൾ നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട് എന്നാണ് .നിർവ്വഹണത്തിലെ അപാകങ്ങൾക്ക് കൃത്യമായ മറുപടിയോ വിശദീകരണങ്ങളോ ലഭിക്കാത്തതിനാൽ ചെലവഴിച്ച 270000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ വന്നിട്ടുള്ള മേൽ പരാമർശിച്ച മറ്റ് പോരായ്മകൾ ഭാവിയിൽ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-12 ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

2017-18 വർഷം കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് താഴെപറയുന്ന പ്രൊജക്ട് മുഖേന ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം | പേര് | നൽകിയ തുക | വിനിയോഗിച്ചത് | ബാക്കി | തുക ലഭിച്ച സ്ഥാപനം | ബിൽ നം തീ. |
|---|---|---|---|---|---|---|
| 65/18 | നെൽകൃഷി കൂലിച്ചെലവ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 170000 | 0 | 170000 | ചിറക്കൽ ഗ്രാമപഞ്ചായത്ത് | 02/24.11.17 |
| | | 500000 | 471730 | 28270 | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | 02/24.11.17 |
| | | 510000 | 0 | 510000 | അഴീക്കോട് ഗ്രാമപഞ്ചായത്ത് | 02/24.11.17 |

കൈമാറിയ തുകകളിൽ ചെലവഴിക്കാൻ ബാക്കിയായ തുകകളുടെ വിനിയോഗ വിവരം, ബാക്കി തുക എന്തു ചെയ്തു എന്നീ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-13 പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

പ്രൊജക്ട് നം - 134/18(അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ

യു.പി.എസ്.ഉപകരണങ്ങൾ വാങ്ങൽ )

അടങ്കൽ - 123345/- നോൺ റോഡ് മെയിന്റനൻസ് ഫണ്ട്.

ബിൽ നം . 19/26.03.2018 തുക – 42000/-

മേൽ പ്രൊജക്ട് പ്രകാരം യു.പി.എസ് ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയായാരുന്നു പ്രൊജക്ട് തയ്യാറാക്കിയത്.എന്നാൽ വാങ്ങിച്ചത് പ്രൊജക്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത കമ്പ്യൂട്ടറുകളാണ്.അതുകൊണ്ടുതന്നെ വകയിരുത്തിയതിന്റെ 34% തുക മാത്രമേ ചെലവ് വന്നിട്ടുള്ളൂ.അതുപോലെ പ്രൊജക്ട് അടങ്കൽ തുക 100000/-രൂപക്ക് മുകളിൽ വരുന്നതിലാൽ പത്ര പരസ്യം വഴി ഓപ്പൺ ടെണ്ടർ ക്ഷണിക്കുകയോ ഉണ്ടായില്ല. ഇ.എം.ഡി.ഒടുക്കുകയോ, സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനവുമായി കരാർ വെക്കുകയോ,സപ്ലൈ ഓർഡർ നൽകുകയോ ഉണ്ടായില്ല.വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ചും സാധനങ്ങൾ വാങ്ങിച്ചതുമായി ബന്ധപ്പെട്ട മറ്റ് പൊരുത്തക്കേടുകൾക്കും 25.10.2018 ന് (ഓഡിറ്റ് ക്വയറിനം.2) വിശദീകരണം ചോദിച്ചതിന് ലഭ്യമാക്കിയ മറുപടി പ്രന്റുകൾ പ്രൊജക്ടിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും 2013-ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥപ്രകാരമാണ് വാങ്ങൽ നടപടിക്രമങ്ങൾ നടത്തിയതെന്നുമാണ്.

സ.ഉ (എം.എസ്.80/17 തീയ്യതി.03.04.2017 പതിമൂന്നാം പദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 2-7-ൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ.(പി)259/10 തസ്വഭവ.തീ.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രൊജക്ടിന് അംഗീകാരം ലഭിക്കുന്നത് വരെയുള്ള പലതലങ്ങളിൽ ഒരിടത്തും ഇത്തരം കാര്യങ്ങൾ പരിശോധിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത. സർക്കാർ വ്യവസ്ഥകൾ പാലിക്കാതെ ചെലവുകൾ നടത്തുന്നത് ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 3-14 <u>ഇ-ടെണ്ടർ ഫിയിനത്തിൽ ലഭിക്കാനുള്ള ₹ 3,35,821 തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.</u>

2017-18 വർഷത്തെ വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല,

| ക്രമ നം. | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | | ടെണ്ടർ ഫീ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 19 /18 | വേളാപുരം തോട് സൈഡ് കെട്ടൽ | | 1470 |
| 2 | 20/18 | പാപ്പിനിശ്ശേരി വെസ്റ്റ് റെയിൽവേ ലെയിൻ -കുറുക്കനാൽ റോഡ് റീ ടാറിംഗ് | | 5900 |
| 3 | 21/18 | അഴിക്കോട് അയനിവയൽ പുല്ലൻപാറ കൊട്ടാരത്തുംപാറ റോഡ് റീടാറിംഗ് | | 2360 |
| 4 | 22 /18 | ഹാശ്മി കോളനി പാമ്പാടി ആൽ റോഡ് സോളിംഗ് ടാറിംഗ് | | 2124 |
| 5 | 45/18 | അഴിക്കോട് കല്ലടത്തോട് എസ്.സി കോളനി റീടാറിംഗ് | | 1180 |
| 6 | 26 /18 | ആലോട്ട് വയൽ തോട് സൈഡ് കെട്ടൽ | | 1652 |
| 7 | 27/18 | വളപ്പട്ടണം ബോട്ട് ജെട്ടി ഭാഗത്ത് പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കലും ഡ്രൈനേജും | | 560 |
| 8 | 114 /18 | ബ്ലോക്ക് ഓഫീസിൽ വനിതകൾക്കായി പൊതു ടോയ് ലറ്റ് | | 590 |
| 9 | ----- | അംബേദ്ക്കർ ഗ്രാമത്തിൽ നടപ്പാത നിർമ്മാണം | | 2360 |
| 10 | 32/18 | ബ്ലോക്ക് ഓഫീസ് നവീകരണവും പെയിന്റിംഗും | | 1935 |
| 11 | 39/18 | പാപ്പിനിശ്ശേരി പാറക്കൽ നടാശ്ശേരി നടപ്പാത | | 1652 |

| | | | | |
|---|---|---|---|---|
| 12 | 24 /18 | ചിറക്കൽ ചിറ സൈഡ് ഓവുചാൽ നിർമ്മാണം | | 17700 |
| 13 | 52 /18 | ചിറക്കൽ കുന്നംകൈ കോളനിയിൽ കുട്ടികളുടെ പാർക്ക് നിർമ്മാണം | | 3776 |
| 14 | 42 /18 | പാറക്കൽ ശ്മശാനം ചുറ്റുമതിൽ നിർമ്മാണം | | 2360 |
| 15 | 41 /18 | അഴിക്കോട് കൊവ്വമ്മൽ ശ്മശാനം അടിസ്ഥാന സൗകര്യം | | 2360 |
| 16 | 31/18 | വനിതവ്യവസായ എസ്റ്റേറ്റിൽ കെട്ടിട നിർമ്മാണം | | 17700 |
| 17 | 124/18 | വ്യവസായ എസ്റ്റേറ്റിൽ മേൽക്കൂരനിർമ്മാണം | | 2360 |
| 18 | 29/18 | ബ്ലോക്ക് പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റിന് അനുബന്ധകെട്ടിട നിർമ്മാണം | | 29500 |
| 19 | 212 /18 | അഴിക്കോട് കൊവ്വമ്മൽ ശ്മശാനംകെട്ടിട നിർമ്മാണം | | 17700 |
| 20 | 106 /18 | എ.ഡിഎ. ഓഫീസിനു മുകളിൽ കോൺഫറൻസ് ഹാൾ നിർമ്മാണം | | 5900 |
| | | ആകെ - | | 1 ,21,139 |

അസി. എക്സി. എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ടനുസരിച്ച് ടെണ്ടർ ഫീയിനത്തിൽ 2017-18 ൽ ₹ 1,21,139 രൂപയും, 2015-16 ൽ ₹ 1,07,415 രൂപയും, 2016-17 ൽ ₹ 1.07267 രൂപയും ഉൾപ്പെടെ ആകെ ₹ 3,35,821 രൂപ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർസ്വീകരിക്കാൻ തുടങ്ങിയ കാലയളവ് മുതൽ ടെണ്ടർ ഫീയിനത്തിലെ ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 <u>ആസൂത്രണത്തിലെ പാളിച്ച -ലക്ഷങ്ങൾ മുടക്കിയ പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റ് പ്രവർത്തനം തുടങ്ങിയില്ല.</u>

കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം എന്ന ലക്ഷ്യം നേടുന്നതിനും, വ്യവസായികാടിസ്ഥാനത്തിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് 2016-17 ൽ നടപ്പാക്കിയ പ്രോജക്ടാണ് പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റ്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ അഴിക്കോട് വനിതാ വ്യവസായ കേന്ദ്രത്തിലാണ് പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായി 2016-17 ൽ ₹ 20,98,398 രൂപ ചെലവിൽ റിസൈക്ലിംഗ് പ്രവർത്തനത്തിനാവശ്യമായ യന്ത്രങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത യൂണിറ്റ് പ്രവർത്തനം തുടങ്ങാൻസാധിച്ചിട്ടില്ല. യൂണിറ്റിലേക്കാവശ്യമായ വൈദ്യുതി കണക്ഷൻലഭിക്കാത്തതാണ് കാരണം. വൈദ്യുതി കണക്ഷന് ആവശ്യമായ തുക കെ. എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ യന്ത്രോപകരണങ്ങളുടെ ഗ്യാരണ്ടി 12 മാസമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പ്രസ്തുത യന്ത്രങ്ങളുടെ ഗ്യാരണ്ടി കഴിഞ്ഞിരിക്കയാണ് ഇതുവരെയായും യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കാനായിട്ടില്ല. ഇത് പദ്ധതി ആസൂത്രണത്തിന്റെ പോരായ്മയാണ്. റിസൈക്ലിംഗ് യൂണിറ്റിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ അംഗീകരിച്ച് ലഭിക്കുമ്പോൾ തന്നെ യൂണിറ്റിന്റെ വൈദ്യുതികരണ പ്രവർത്തനങ്ങൾ കൂടി ആരംഭിക്കേണ്ടതായിരുന്നു. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ടുണ്ടായ കാലതാമസം പരിഹരിക്കുന്നതിന് സർക്കാർ തലത്തിലുള്ള ഇടപെടലുകൾ അടിയന്തരമായി നടത്തേണ്ടതുമായിരുന്നു. ₹ 28,98,398 രൂപ മുടക്കി യന്ത്രങ്ങൾ വാങ്ങുമ്പോൾ ഇത് സ്ഥാപിക്കാനുള്ള പ്രായോഗികത വിലയിരുത്തി വിതരണം ചെയ്ത സ്ഥാപനവുമായി ഗ്യാരണ്ടി സംബന്ധിച്ച കരാർ കാലയളവ് ദീർഘിപ്പിക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരം പ്രവർത്തനമൊന്നും നടത്തിയിട്ടില്ല. ആയതിനാൽ പ്ലാസ്റ്റിക്ക് റിസൈക്ലിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കോള്ളേണ്ടതാണ്. ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് വിതരണം ചെയ്ത സാമഗ്രികൾക്ക് കാലയളവ് കഴിഞ്ഞതിനാൽ ഗ്യാരണ്ടി നൽകാൻ നിയമപരമായ ബാദ്ധ്യത ഇല്ലെങ്കിലും യന്ത്രങ്ങൾ ഇതുവരെ പ്രവർത്തിപ്പിച്ചുനോക്കാൻ സാധിക്കാത്ത സാഹചര്യം ബോദ്ധ്യപ്പെടുത്തി പ്രസ്തുത സ്ഥാപനവുമായി പുതുക്കിയ കരാർ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി താമസം വിനാ പൂർത്തിയാക്കി മാലിന്യ സംസ്കരണമെന്ന ലക്ഷ്യം നേടുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കമ്പോൾ വിശദമായ പഠനം നടത്താനും, പദ്ധതികൾ മോണിറ്ററിംഗ് ചെയ്യാൻ

ഉത്തരവാദിത്തമുള്ള വർക്കിംഗ് ഗ്രൂപ്പുകളും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും അവരവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പദ്ധതി പ്രവർത്തനക്ഷമമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-16** ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ– കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ- ശിശുവികസന പദ്ധതി ഓഫീസർ

പ്രൊജക്ട് - ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്

( ബ്ലോക്ക് വിഹിതം)

പ്രൊജക്ട് നം. - SOO25/18

ആകെ അടങ്കൽ- 1365225 (വികസനഫണ്ട്)

ബിൽ നം/തീ./തുക – 1/17-18/27.09.17/682612, 3/17-18/29.09.17/682613

2017-18 വർഷം കൃഷി ശിശുവികസന പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് (ബ്ലോക്ക് വിഹിതം) എന്നപദ്ധതിക്കായി മേൽ ബില്ലുകൾ പ്രകാരം 1365225 രൂപ താഴെ പറഞ്ഞിരിക്കുന്ന പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

| പഞ്ചായത്തിന്റെ പേര് | തുക |
|---|---|
| വളപട്ടണം | 100000 |
| പാപ്പിനിശ്ശേരി | 300000 |
| അഴീക്കോട് | 375000 |
| ചിറക്കൽ | 590225 |
| ആകെ | 1365225 |

പാപ്പിനിശ്ശേരി, ചിറക്കൽ എന്നീ പഞ്ചായത്തുകൾ തുക കൈപറ്റിയതിന്റെയും തുക വിനിയോഗിച്ചതിന്റെയും വളപട്ടണം,അഴീക്കോട് എന്നീ പഞ്ചായത്തുകൾ തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല. ഇതു സംബന്ധിച്ച മോണിട്ടറിംഗ്

റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/27-10-18) മറുപടിയായി സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് എത്രയും പെട്ടന്ന് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-17 അഴീക്കോട് സി. എച്ച്. സിയിൽ ആവശ്യമായ മരുന്നു വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി, അഴീക്കോട്

പ്രൊജക്റ്റ് - അഴീക്കോട് സി.എച്ച്.സി യിൽ ആവശ്യമായ മരുന്ന് വാങ്ങൽ

പ്രൊജക്റ്റ് നം. – SOOO6/18

അടങ്കൽ - ₹90000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നം. – 2/17-18 -തീയതി, 20-09-2017 - ₹90000

2017-18 വർഷം നടപ്പിലാക്കിയ അഴീക്കോട് സി.എച്ച്.സി യിൽ ആവശ്യമായ മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റിനായി 90000 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. മേൽ തുകയിൽ 46492 രൂപയുടെ (6353/18-04-18, 26837/17-05-18, 13927/23-05-18) മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.22/27-10-18) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കി 43508 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും സംയുക്തപ്രോജക്റ്റുകൾക്കുവേണ്ടി ലഭിച്ച തുകകളുടെയും അവയുടെ വിനിയോഗം സംബന്ധിച്ചും കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ഇതിന്റെ കൃത്യമായ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് വിവരം ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും ഇല്ല എന്ന മറുപടിയാണ് സമർപ്പിച്ചത്. കണക്കുകളുടെ സൂക്ഷിപ്പിൽ വന്ന പോരായ്മകളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും വിനിയോഗിക്കാൻ ബാക്കിയായ തുകകളുടെ വിശദവിവരം അറിയിക്കേണ്ടതുമാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4-6-2 | വില്ലേജ് ഹാട്ട് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48608373 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57035668 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,45,750 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 13293 | ആയിഷ,ജോയിന്റ് ബി.ഡി.ഒ,<br>സെക്രട്ടറിയുടെ അധിക ചുമതല |
| 3-3 | 77066 | ആയിഷ,ജോയിന്റ് ബി.ഡി.ഒ,<br>സെക്രട്ടറിയുടെ അധിക ചുമതല |
| 3-4 | 18305 | ആയിഷ,ജോയിന്റ് ബി.ഡി.ഒ,<br>സെക്രട്ടറിയുടെ അധിക ചുമതല |
| 3-5 | 5626570 | ആയിഷ,ജോയിന്റ് ബി.ഡി.ഒ,<br>സെക്രട്ടറിയുടെ അധിക ചുമതല |
| 3-6 | 70525 | ആയിഷ,ജോയിന്റ് ബി.ഡി.ഒ,<br>സെക്രട്ടറിയുടെ അധിക ചുമതല |
| 3-8 | 129991 | ആയിഷ,ജോയിന്റ് ബി.ഡി.ഒ,<br>സെക്രട്ടറിയുടെ അധിക ചുമതല |

| | | |
|---|---|---|
| 3-9 | 40000 | ആയിഷ,ജോയിന്റ് ബി.ഡി.ഒ,<br>സെക്രട്ടറിയുടെ അധിക ചുമതല |
| 3-11 | 270000 | മിനി.പി ജോൺ,അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| ആകെ | 62,45,750 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആയിഷ,ജോയിന്റ് ബിഡിഒ | (ജോയിന്റ് ബിഡിഒ)<br>എടക്കാട് ബ്ലോക്ക് | മേഹ്ഫിൽ,തളാപ്പ്,കണ്ണൂർ |
| മിനി.പി ജോൺ,അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ലഭ്യമല്ല | വല്ലാട്ടുശേരിൽ,ചെന്നിത്തല പോസ്റ്റ്,മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 3 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 8 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 3 |
| 2009-10<br>2010-11<br>2011-12 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 22 |

| | | |
|---|---|---|
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 13 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ./C5/51 /18dt.09.04.2018 | 12 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ. /C5/1351/17dt.03.01.2018 | 24 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ-സി.5/1834/17(2) തീ.07.02.2018 | 6 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ./കെ.എൻ.ആർ./സി.5/1900/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഫോൺ. 0497 2707698

ഇ.മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 05.12.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്

പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | KANNUR BLOCKPANCHAYATH<br>RECEIPT AND PAYMENT STATEMENT | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS<br>Opening Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 14691039.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 20726.00 |
| 150000000 | Sale & Hire Charges | RP-5 | 27723.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41986605.00 |
| 171000000 | Interest Earned | RP-9 | 51222.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3892304.00 |
| 350000000 | Other Liabilities | RP-36 | 118672.00 |
| | Non Operating | | |
| 312000000 | Reserves | RP-30 | 917500.00 |
| 340000000 | Deposits Received | RP-34 | 225377.00 |
| 350000000 | Other Liabilities | RP-36 | 407984.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 449200.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 511060.00 |

| | | | |
|---|---|---|---|
| | Grand total | | 63299412.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1956970.00 |
| 220000000 | Administrative Expenses | RP-12 | 613591.00 |
| 230000000 | Operations & Maintenance | RP-13 | 411898.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6647413.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11710004.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 6389792.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 42000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 33631.00 |
| 255000000 | Maintenance Projects | RP-20 | 6984195.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 22781.00 |
| 280000000 | Prior Period item | RP-26 | -26000.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 94524.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 6862388.00 |
| 272000000 | Depreciation | RP-25 | 0.0 |
| 340000000 | Deposits Received | RP-34 | 128927.00 |
| 350000000 | Other Liabilities | RP-36 | 168384.00 |
| 410000000 | Fixed Assets | RP-38 | 10441996.00 |
| 412000000 | Capital work in Progress | RP-40 | 4042114.00 |
| 460000000 | Loans, Advances and Deposits | RP-47 | 511060.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6263744.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 63299412.00 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | KANNUR BLOCK PANCHAYATH<br>INCOME AND EXPENDURE STATEMENT | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 454668.00 |
| 140000000 | Fee & User Charges | I-4(b) | 20726.00 |
| 150000000 | Sale & Hire Charges | I-5(b) | 27723.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 47458026.00 |
| 171000000 | Interest Earned | I-8 | 51222.00 |
| | Total Income | | 48012365.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1956970.00 |
| 220000000 | Administrative Expenses | I-11(b) | 617285.00 |
| 230000000 | Operations & Maintenance | I-12(b) | 411898.00 |
| 240000000 | Interest & Finance Charges | I-13 | 6862388.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7447413.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 10910004.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6389792.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 42000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 33631.00 |
| 255000000 | Maintenance Projects | I-14(e) | 6984195.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 22781.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 1911403.00 |
| | Total Expenditure | | 43589760.00 |
| | Gross Surplus/ Deficit of income over Expenditure | | 4422605.00 |
| 280000000 | Prior Period Item | I-18 | -94920.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4517525.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

## ബാലൻസ് ഷീറ്റ്

| KANNUR BLOCK PANCHAYATH<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18417256.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 14952142.00 |
| | Total Reserve & Surplus | | 33369398.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7587215.00 |
| | Total Grants, Contributions for Specific Purposes | | 7587215.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 580685.00 |
| | Total Current Liabilities and Provisions | | 11980218.00 |
| | TOTAL LIABILITIES | | 52936831.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 49902393.00 |
| 411000000 | Accumulated Depreciation | B-11 | -6041699.00 |
| 412000000 | Capital Work in Progress | B-11(a) | 2671648.00 |
| | Total Fixed Assets | | 46532342.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 140745.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 6263744.00 |
| 460000000 | Loand, Advances and Deposits | B-18 | 0.0 |
| | Total Current Assets, Loans and Advances | | 6404489.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 52936831.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.